LIBRARY ARCHIVES Kerala Legislative Assembly

മൂരാട് പാലത്തിന്റെ അപകടാവസ്ഥ

140(2781) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വളരെ പഴക്കം ചെന്ന വടകര കൊയിലാണ്ടി മണ്ഡലങ്ങളുടെ അതിർത്തിയിലുള്ള മൂരാട് പാലം വളരെ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പുതിയ പാലം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 1940-ൽ പണികഴിപ്പിച്ച ഈ പാലത്തിന് അപകടാവസ്ഥയില്ല എന്നാൽ പാലത്തിന്റെ വീതി കുറവായതിനാൽ ഇരു ഭാഗത്തു നിന്നും ഒരേ സമയം വാഹനങ്ങൾ കടന്നു പോകാൻ പ്രയാസം നേരിടുന്നുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുടെ കണ്ണൂർ-വെങ്ങളം പാത 4 വരിയായി വികസിപ്പിക്കുന്ന സ്കീമിൽ ഈ പാലത്തിനു സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

കോങ്ങാട് മണ്ഡലത്തിൽ എസ്.ആർ.ഐ.പി.

141(2782) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.പി.യുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കി; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2015-16 വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം കോങ്ങോട് മണ്ഡലത്തിനായി അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി (SRIP) സ്ഥലം ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 'റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 83 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ രണ്ടു പാക്കേജുകളുടെയും 'കൺസഷൻ എഗ്രിമെന്റ് ഒപ്പുവെയ്ക്കുന്നതിന് 'ലെറ്റർ ഓഫ് അവാർഡ് നൽകിക്കഴിഞ്ഞു. ഇതിന്റെ പ്രോജക്ട് തുക 209.90 കോടി രൂപയാണ്. രണ്ടു പാക്കേജുകളായാണ് പദ്ധതി നടപ്പാക്കുന്നത്.